നടത്തിവരുന്നു. 'കെസ്റു' സ്വയംതൊഴിൽ പദ്ധതിയിൽ വികലാംഗർക്ക് പ്രത്യേക പരിഗണന നൽകുകയും, പദ്ധതിയിലെ നിശ്ചിത പ്രായ പരിധിയിൽ 5 വർഷത്തെ ഇളവ് അനുവദിക്കുകയും ചെയ്യുന്നുണ്ട്.

ജൂനിയർ എംപ്ലോയ്മെൻറ് ഓഫീസർമാരുടെ തസ്തിക

78 [2215] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൂനിയർ എംപ്ലോയ്മെൻറ് ഓഫീസർമാരുടെ എത്ര തസ്തിക നിലവിലുണ്ട്;

(ബി) ഇതിൽ എത്രയെണ്ണം പി. എസ്. സി. ഡയറക്ട് റിക്രൂട്ട്മെൻറ് വഴി നടത്താനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇത് പ്രകാരം എത്ര വേക്കൻസികൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഈ തസ്തികയിൽ നിലവിൽ എത്ര വേക്കൻസികൾ ഉണ്ട്;

(ഇ) ഇതിൽ എൻ. ജെ. ഡി. വേക്കൻസികൾ എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിൽ ഉള്ള പി. എസ്. സി. റാങ്ക് ലിസ്റിന്റെ കാലാവധി അവസാനിക്കാൻ മാസങ്ങൾ മാത്രം ബാക്കി ഉള്ളതിനാൽ നിലവിൽ ഉള്ള വേക്കൻസികൾ അടിയന്തിരമായി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെൻറ് സർവ്വീസസ് വകുപ്പിൽ ജൂനിയർ എംപ്ലോയ്മെൻറ് ഓഫീസർ തസ്തികകളിൽ 88 സ്ഥിരം തസ്തികകളും 35 താൽക്കാലിക തസ്തികകളും ഉൾപ്പെടെ 123 തസ്തികകൾ നിലവിലുണ്ട്.

(ബി) 22 തസ്തികകളാണ് ഡയറക്ട് റിക്രൂട്ട്മെൻറ് വഴി നികത്തേണ്ടത്. എല്ലാംതന്നെ ഡയറക്ട് റിക്രൂട്ട്മെൻറ് വഴി നികത്തിക്കഴിഞ്ഞു.

(സി) ഇപ്പോൾ നിലവിലുള്ള പി. എസ്. സി. ലിസ്റിൽ നിന്നും നിയമനം നടത്തുന്നതിനായി 21 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി. എസ്. സി. ശുപാർശ ചെയ്തയാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ തസ്തികയിൽ ഇപ്പോൾ ഒഴിവുകൾ നിലവിലില്ല.

(ഇ) എൻ. ജെ. ഡി. വേക്കൻസികൾ ഒന്നുംതന്നെ നിലവിലില്ല.

(എഫ്) വേക്കൻസികൾ ഉണ്ടാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യർ

79 [2216] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരുടെ 2004-ൽ നിലവിലുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവരുടെ 2005 ജൂൺ ഒന്നിന് നിലവിലുള്ള കണക്ക് ജില്ല തിരിച്ച് നൽകാമോ;

(സി) അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവൻ ഗവൺമെന്റ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇതുമൂലം എത്ര പേർക്ക് തൊഴിൽ നൽകിയെന്നും വ്യക്തമാക്കാമോ;

(ഇ) തൊഴിലില്ലായ്മ പരിഹരിക്കാൻ സമയബന്ധിത പരിപാടി ആവിഷ്ക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)	തിരുവനന്തപുരം	..	586548
	കൊല്ലം	..	385997
	ആലപ്പുഴ	..	347459
	പത്തനംതിട്ട	..	141919
	കോട്ടയം	..	240292
	ഇടുക്കി	..	124566
	എറണാകുളം	..	361704
	തൃശ്ശൂർ	..	312655
	പാലക്കാട്	..	266627
	മലപ്പുറം	..	239371
	കോഴിക്കോട്	..	364081
	വയനാട്	..	77843
	കണ്ണൂർ	..	216511
	കാസർഗോഡ്	..	90116
	ആകെ	..	3755689
(ബി)	തിരുവനന്തപുരം	..	575087
	കൊല്ലം	..	379539
	ആലപ്പുഴ	..	347535
	പത്തനംതിട്ട	..	142471
	കോട്ടയം	..	230397
	ഇടുക്കി	..	121746
	എറണാകുളം	..	354424
	തൃശ്ശൂർ	..	311397
	പാലക്കാട്	..	261944
	മലപ്പുറം	..	233646
	കോഴിക്കോട്	..	362459
	വയനാട്	..	75165
	കണ്ണൂർ	..	215881
	കാസർഗോഡ്	..	86115
	ആകെ	..	3697800

LIBRARY ARCHIVES Kerala Legislative Assembly

(സി) 'കെസ്‌റു' എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) 'കെസ്‌റു 1999' പദ്ധതി പ്രകാരം എംപ്ലോയ്‌മെൻറ് എക്സ്ചേഞ്ചിൽ രജിസ്‌റർ ചെയ്ത എഴുത്തും വായനയും അറിയുന്ന 21-നും 40-നും ഇടയിൽ പ്രായമുള്ള കുടുംബ വാർഷിക വരുമാനം 24,000 രൂപ കവിയാത്തവർക്ക് അപേക്ഷിക്കാം. ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പ തുകയുടെ (ഒരാൾക്ക് പരമാവധി 1 ലക്ഷം രൂപ) 20% ഡീഡ് മണി ഗ്രാൻറായി നൽകും. ഇപ്രകാരം നാളിതുവരെ 2,621 പേർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(എഫ്) 'ഇ' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

സംസ്ഥാനത്തെ എംപ്ലോയ്‌മെൻറ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്‌ററിൽ ഉണ്ടായിരുന്ന ഉദ്യോഗാർത്ഥികൾ

80 [2217] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മാർച്ച് 31 വരെ സംസ്ഥാനത്തെ എംപ്ലോയ്‌മെൻറ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്‌ററിൽ ഉണ്ടായിരുന്ന വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ ഇനം തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ;

(ബി) 2001, 2002, 2003, 2004 വർഷങ്ങളിൽ പുതുതായി രജിസ്‌റർ ചെയ്യപ്പെട്ടവരുടേയും, വർഷാവസാനം ലൈവ് രജിസ്‌ററിൽ ഉണ്ടായിരുന്നവരുടേയും ഈ വർഷങ്ങളിൽ അറിയിക്കപ്പെട്ട ഒഴിവുകൾ, ജോലിക്ക് പരിഗണിക്കപ്പെട്ടവർ, ജോലി ലഭിച്ചവർ എന്നിവരുടേയും സ്ഥിതിവിവരക്കണക്ക് ലഭ്യമാക്കാമോ;

(സി) 2001, 2002, 2003, 2004 വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ വ്യവസായങ്ങളിൽ തൊഴിൽ നിലവാരത്തിൽ (സ്വകാര്യ മേഖലയിലേയും അപാതു മേഖലയിലേയും തൊഴിലാളികളുടെ എണ്ണത്തിൽ) വന്ന മാറ്റങ്ങൾ സംബന്ധിച്ച സ്ഥിതിവിവര കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു:

നിരക്ഷരർ		586
ബിലോ മെട്രിക്	..	662439
മെട്രിക്	..	2209667
ഇൻറർമീഡിയറ്	..	554733
ഗ്രാഡ്വേറ്	..	237129
പോസ്‌റ് ഗ്രാഡ്വേറ്	..	59282
ആകെ	..	3723836

LIBRARY ARCHIVES Kerala Legislative Assembly